(ബി) ഉണ്ടെങ്കിൽ എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണ് പ്രസ്തുത നിയമം ഭേദഗതി ചെയ്യുന്നത് ;

(സി) കശുവണ്ടി, ഏലം, കുരുമുളക് മുതലായ കൃഷികളെ പ്ലാന്റേഷനായി അംഗീകരിച്ച് അവ കൃഷി ചെയ്യുന്ന ഭൂമിയെ സീലിംഗിൽ നിന്ന് ഒഴിവാക്കാനുദ്ദേശ്യമുണ്ടോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) കശുമാവ് കൃഷിയെ ഭൂപരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് വേണ്ടിയും, മിച്ചഭൂമിയായി പ്രഖ്യാപിച്ചതിൽ ഉൾപ്പെട്ട സ്ഥലങ്ങൾ വിലയ്ക്ക് വാങ്ങുകയോ മറ്റ് വിധത്തിൽ ആർജ്ജിക്കുകയോ അഥവാ രജിസ്റ്റേർഡ് പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ കൈവശംവച്ച് അനുഭവിക്കുകയോ കൃഷി ചെയ്യുകയോ ചെയ്യുന്ന ചെറുകിട കർഷകരേയും കൈവശക്കാർക്കും അവരുടെ ഭൂമിയിൽ സ്ഥിരാവകാശം നൽകുന്നതിനുവേണ്ടി കേരള ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുന്നു.

(സി) കശുമാവ് എസ്റ്റേറ്റുകളെ ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കുന്നതിനായി നിയമ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നുണ്ട് ; കുരുമുളക് കൃഷിക്ക് നിലവിൽ ഭൂപരിധി നിയമം ബാധകമാണ് ; കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 2(44) അനുസരിച്ച് ഏലം കൃഷിയെ ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

നോർക്ക ഭവനുകൾ

10 (*741) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീമതി മേഴ്സി രവി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യയുടെ പ്രധാന നഗരങ്ങളിൽ നോർക്ക ഭവനുകൾ സ്ഥാപിക്കുവാൻ ഉദ്ദേശ്യമുണ്ടോ ;

(ബി) എങ്കിൽ ഈ ഭവനുകൾ വഴി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ ?

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ) ഇന്ത്യയുടെ പ്രധാന നഗരങ്ങളിൽ നോർക്ക ഭവനുകൾ സ്ഥാപിക്കുന്നതിനായുള്ള ഒരു നിർദ്ദേശം ജൂലായ് 12,13 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടന്ന മറുനാടൻ മലയാളി സംഗമം 'സമന്വയം 2003' അംഗീകരിച്ച കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്തു വരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly